ജൈവ കൃഷി വ്യാപകമാക്കുന്നതിന് നടപടി

23 (*378) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 മുതൽ ജൈവ കാർഷികോല്പന്നങ്ങൾക്ക് മാത്രമേ ഇറക്കുമതി അനുവദിക്കൂ എന്ന ലോക വ്യാപാര സംഘടനയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ജൈവ കൃഷി വ്യാപകമാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) ജൈവകൃഷിരീതി പഠിപ്പിക്കാനും പരിശീലനം നൽകാനും വ്യാപകമാക്കാനും കേന്ദ്രഗവൺമെന്റ് സ്ഥാപിക്കുന്ന "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ്" കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ&ബി) വാർത്താ മാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാലയിലെയും, ഐ. സി. എ. ആർ. സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞരെയും, ജൈവ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന എൻ. ജി. ഒ. സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവിനെയും, ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ ഉപദേഷ്ടാവിനെയും ഉൾപ്പെടുത്തി ഒരു ചർച്ച സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇതിൽ ജൈവ കൃഷിയെക്കുറിച്ച് പരിശീലനം, പഠിപ്പിക്കൽ, വ്യാപിപ്പിക്കൽ, സാക്ഷ്യപത്രം നൽകൽ, വിപണനം, അടിസ്ഥാനസൗകര്യം വികസിപ്പിക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കുരുമുളക് വികസന പദ്ധതി പ്രകാരം ജൈവകൃഷിയിലൂടെ 800 ഹെക്ടർ സ്ഥലത്ത് കുരുമുളക് ഉല്പാദിപ്പിക്കുന്ന പദ്ധതിയും, 100 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന പദ്ധതിയും, വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവ കൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന പദ്ധതിയും, പൊക്കാളി പ്രദേശത്ത് നെൽകൃഷി ജൈവകൃഷിയായി പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു.

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേരളത്തിൽ സ്ഥാപിക്കണമെന്നും അതിനായി അനുയോജ്യമായ സ്ഥലത്ത് 200 ഹെക്ടർ ഭൂമി ലഭ്യമാക്കാമെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചർച്ചയ്ക്ക് കേന്ദ്ര സർക്കാർ ക്ഷണിച്ചിട്ടില്ല. എന്നാൽ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ദേശീയ കോൺഫറൻസുകളിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്.

കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി

24 (*379) ശ്രീ. രാജു എബ്രഹാം :
ശ്രീ. തോമസ് ഐസക് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിന്റെ ഫലമായി ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാമോ ;

(സി) റബ്ബറിനും കാപ്പിക്കും നേരിട്ട വിലത്തകർച്ചയ്ക്കു പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) അന്താരാഷ്ട്രവിപണിയിൽ റബ്ബറിനും കാപ്പിക്കും ഉണ്ടായ വിലവർദ്ധനവ് സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനു കാരണമായിട്ടുണ്ടോ ;

(ഇ) ഇറക്കുമതിനിയന്ത്രണം ഒഴിവാക്കി കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ&ബി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനു എല്ലാ പ്രധാന കാർഷികോൽപ്പന്നങ്ങളേയും ഉൾക്കൊള്ളിച്ച് 95 കോടിരൂപയുടെ ഒരു പ്രത്യേക പാക്കേജ് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. പ്രധാനവിളകളുടെ ഇറക്കുമതി തടയുന്നതിനും ഇവയുടെ ഇറക്കുമതി താരിഫ് ഡബ്ല്യൂ. റ്റി. ഒ. നിബന്ധിത പരമാവധി നിരക്കിലേക്ക് വർദ്ധിപ്പിക്കണമെന്നും നിരന്തരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

2. ഗുണമേന്മയുള്ള നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഇറക്കുമതി ചെയ്യപ്പെടുന്നവയുടെ ഗുണമേന്മ നിഷ്ക്കർഷിക്കുന്നതിനുള്ള നിബന്ധനകൾ കർശനമാക്കുന്നതിനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly